# MAR IVANIOS COLLEGE (AUTONOMOUS)

**(Affiliated to the University of Kerala)**

**MAR IVANIOS VIDYA NAGAR, THIRUVANANTHAPURAM**

**KERALA, INDIA 695 015**

## ഡോ. ജോർജി കെ. ഐ. മാർ ഇവാനിയോസ്

## പ്രിൻസിപ്പൽ

മാർ ഇവാനിയോസ് കോളേജിന്റെ പതിനഞ്ചാമത് പ്രിൻസിപ്പലായി കോമേഴ്സ് വിഭാഗം മേധാവി ഡോ. ജോർജി കെ. ഐ. നിയമിതനായി. പത്തനംതിട്ട കുളങ്ങര കെ.ടി. ഐസക്കിന്റെയും ത്രേസ്യാമ്മ ഐസക്കിന്റെയും മകനാണ്. കേരള സർവകലാശാലയിൽനിന്ന് എം ഫിൽ, പി എച് ഡി ബിരുദങ്ങളും പോണ്ടിച്ചേരി കേന്ദ്ര സർവകലാശാലയിൽനിന്ന് എം ബി എ യും കരസ്ഥമാക്കിയ ഇദ്ദേഹം മുപ്പതു വർഷമായി മാർ ഇവാനിയോസിലെ കോമേഴ്സ് അധ്യാപകനാണ്. കോളേജിന്റെ മാനേജിങ് കൌൺസിൽ, ഗവേർണിംഗ് കൌൺസിൽ, അക്കാഡമിക് കൌൺസിൽ എന്നിവയിൽ അംഗമായ ഇദ്ദേഹം സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് മുൻ അംഗവും കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനും ആണ്. കേരള സർവകലാശാല റിസർച്ച് ഗൈഡ് ആയ ഡോ ജോർജിയുടെ കീഴിൽ ഏഴു പേർ പി എച് ഡി പഠനം പൂർത്തിയാക്കിയിട്ടുണ്ട്. യു ജി സി യുടെ രണ്ടു മേജർ റിസർച്ച് പ്രൊജക്റ്റ് പൂർത്തിയാക്കിയ ഇദ്ദേഹം അൻപതോളം പേപ്പറുകളും നിരവധി ടെക്സ്റ്റ് ബുക്കുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടം സെന്റ് മേരീസ് ഇടവകാംഗമാണ്. കോളേജിൽ നടന്ന പ്രഖ്യാപന ചടങ്ങിൽ വെച്ച് കർദിനാൾ ക്ളീമിസ് കാതോലിക്കാബാവ പുതിയ പ്രിൻസിപ്പലിന് നിയമന പത്രം നൽകി ആശംസകൾ നേർന്നു.